(ഡി) കായംകുളത്തുനിന്നുള്ള വിലകൂടിയ വൈദ്യുതി ഉപയോഗിക്കുന്നതിലെ നഷ്ടം പരിഹരിക്കുന്നതിന് താൽച്ചറിൽനിന്ന് 180 മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്.

ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ

8 (6459) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണ് ; വ്യക്തമാക്കുമോ ;

(ബി) നിശ്ചിത ദിവസങ്ങളിൽ മാത്രം പ്രവർത്തിക്കുകയും ടൂറിസ്റ്റുകളുടെ എണ്ണത്തിലും വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുള്ള ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണ് ;

(സി) വർഷംതോറുമുണ്ടാകുന്ന ടൂറിസ്റ്റുകളുടെ വർദ്ധനവും വരുമാനത്തിലെ വർദ്ധനവും കണക്കിലെടുത്ത് ശനിയും ഞായറും മറ്റ് അവധി ദിവസങ്ങളിലും കൂടി പ്രസ്തുതകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ഹൈഡൽ ടൂറിസം സെന്റർ സംസ്ഥാനത്ത് മൂന്ന് മേഖലകളായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. മൂന്നാർ, മലബാർ, തെക്കൻ എന്നിങ്ങനെയാണ് മേഖലകൾ.

മൂന്നാർ മേഖലയിൽ,

1. ഹൈഡൽ പാർക്ക്, മൂന്നാർ.
2. സൺമൂൺ വാലി ബോട്ടിംഗ് സെന്റർ, മാട്ടുപ്പെട്ടി.
3. എക്കോ പോയിന്റ് ബോട്ടിംഗ് സെന്റർ, പാലാർ.
4. ട്രൗട്ട്ലെഗൂൺ ബോട്ടിംഗ് സെന്റർ, കണ്ടള.
5. ഡ്യൂവാലി ബോട്ടിംഗ് സെന്റർ, ശെങ്കുളം.
6. നാടുകാണി പവലിയൻ തുടങ്ങിയവയും.

മലബാർ മേഖലയിൽ ബാണാസുരസാഗർ (വയനാട്) ഹൈഡൽ ടൂറിസവും തെക്കൻ മേഖലയിൽ തിരുവനന്തപുരത്ത് പാപ്പനാടിനുസമീപം പോവർ മീൻമുട്ടി ഹൈഡൽ ടൂറിസം എന്നിവയുമാണ് സംസ്ഥാനത്തെ പ്രധാന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടുക്കി-പെരുതോണി ഡാമുകളിൽ ഓണം, ക്രിസ്തുമസ്, ഇടുക്കി ഫെസ്റ്റ് എന്നീ ഉത്സവസമയങ്ങളിൽമാത്രം നിശ്ചിതദിവസത്തേക്ക് (30 മുതൽ 40 ദിവസംവരെ) വിനോദസഞ്ചാരികൾക്കായി ഫൈഡൽ ടൂറിസം ബോട്ടിംഗ് നടത്തിവരുന്നു.

(സി) അതിസുരക്ഷാ മേഖലയിലുള്ളതും ദേശീയപ്രധാന ഡാമുകളുടെ പട്ടികയിൽ വരുന്നതുമായ ഇടുക്കി ഡാമുകളിലെ ജലാശയത്തിന്റെ സമീപ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ യഥേഷ്ടം ഉള്ളതിനാൽ പ്രവേശനത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും ജില്ലാഭരണകൂടം ആവശ്യമായ സുരക്ഷയും സംരക്ഷണവും ഏർപ്പെടുത്തുകയും വനംവകുപ്പ് നിയമപരമായി അനുമതി നൽകുകയും ചെയ്താൽ മാസങ്ങളിൽ രണ്ടാം ശനി, ഞായർ എന്നീ ദിവസങ്ങളിൽമാത്രം പ്രസ്തുതകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം

9 (6460) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. പിറ്റയം ഗോപകുമാർ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതിന്റെ ഭാഗമായി തൊഴിലാളി യൂണിയനുകളും സർക്കാരും തമ്മിലുള്ള ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പുനസംഘടനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാരും കമ്പനിയും ജീവനക്കാരുടെ സംഘടനകളുമായി ഒപ്പു വയ്ക്കുന്നതിനുള്ള ത്രികക്ഷിക്കരാറിന്റെ മാതൃക രണ്ടാംകൈമാറ്റ പദ്ധതി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാർ ഒപ്പിടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(ബി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾ 2013-ലെ രണ്ടാം കൈമാറ്റപദ്ധതിയിലും ത്രികക്ഷിക്കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കൈമാറ്റ പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും കരട് കൈമാറ്റ പദ്ധതിയും ത്രികക്ഷി കരാറും മറ്റ് അനുബന്ധങ്ങളും കെ.എസ്.ഇ.ബി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ജീവനക്കാരുടെ സംഘടനകളിൽനിന്നും ഇവയെ

LIBRARY ARCHIVES Kerala Legislative Assembly